ശമ്പളത്തിന് ആനുപാതികമായി ഉയർത്തണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരിൽ നിന്നെല്ലാമാണ് നിവേദനം ലഭിച്ചതെന്നും നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) വരുമാന പരിധി ഉയർത്താത്തതിനാൽ വളരെ അധികം കുട്ടികൾ സ്കോളർഷിപ്പ് പരിധിയിൽ നിന്നും പുറത്താവുമെന്ന കാര്യവും 1996 മുതൽ 2000 വരെ അഡ്മിഷൻ ലഭിച്ചതിൽ ഭൂരിഭാഗത്തിനും സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല എന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(ഡി) ഇൻകം സ്ലാബ് ഉയർത്താനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സൈനിക സ്കൂൾ കുട്ടികളുടെ രക്ഷകർതൃസംഘടനയായ അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

കഴക്കൂട്ടം സൈനിക സ്കൂൾ വിദ്യാർത്ഥികൾക്ക് വാർഷികഫീസ് വർദ്ധിപ്പിച്ചതിന് ആനുപാതികമായി സ്കോളർഷിപ്പ് തുക ഉയർത്താൻ നടപടി

140 (3017) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മാനവശേഷിവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം സൈനിക സ്കൂൾ വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 11,000 രൂപയിൽ നിന്നും 14,000 രൂപയായി 1996-97-ൽ വർദ്ധിപ്പിച്ചതിന് ആനുപാതികമായി സ്കോളർഷിപ്പ് തുക ഉയർത്തുകയുണ്ടായോ ; എങ്കിൽ എന്നു മുതൽ ; ഇതിന് 1996-97-മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) മുൻകാലങ്ങളിൽ ഇങ്ങനെയുള്ള അവസരങ്ങളിൽ മുൻകാല പ്രാബല്യം നൽകിയിരുന്നോ ; എങ്കിൽ 1996-97 വർഷം മുതൽ മുൻകാല പ്രാബല്യം നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) സ്കോളർഷിപ്പ് തുക ഉയർത്തിയതു മൂലം 1999-2000 വർഷത്തേയ്ക്ക് എത്ര ലക്ഷം രൂപ അധിക ചെലവ് വരും ; 1996-97 വർഷം മുതൽ മുൻകാല പ്രാബല്യം നൽകണമെങ്കിൽ എത്ര രൂപ വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജി.ഒ.ആർ.റ്റി. നം. 786/2000 പൊ. വി. വ. തീയതി. 25-2-2000 പ്രകാരം സ്കോളർഷിപ്പ് തുക 1999-2000 വർഷം മുതൽ ഉയർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി കാരണം, ഇതിന് മുൻകാല പ്രാബല്യം നൽകിയിട്ടില്ല.

(ബി) നല്കിയിരുന്നു. എങ്കിലും നിലവിലുള്ള സാമ്പത്തിക പരിമിതി മൂലം ഇപ്പോഴത്തെ വർദ്ധനവിന് മുൻകാല പ്രാബല്യം നൽകുവാൻ നിർവ്വാഹമില്ല.

(സി) 1999-2000 വർഷത്തേയ്ക്ക് 7 ലക്ഷം രൂപയുടെ അധിക ചെലവ് വരും 1996-97 മുതൽ മുൻകാല പ്രാബല്യം നൽകണമെങ്കിൽ 21 ലക്ഷം രൂപ വേണ്ടിവരും.

സൈനിക സ്കൂൾ വാർഷികഫീസ് വർദ്ധിപ്പിച്ച നടപടി

141 (3018) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 അദ്ധ്യയന വർഷത്തിൽ സൈനിക സ്കൂൾ വാർഷിക ഫീസ് 11,000 രൂപയിൽ നിന്ന് 14,000 രൂപയായി വർദ്ധിപ്പിച്ചതിന് ആനുപാതികമായി സ്കോളർഷിപ്പ് തുക സർക്കാർ ഉയർത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ മുൻകാല പ്രാബല്യം നൽകുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 25-2-2000-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാരണം) 786/2000 പൊ. വി. വ. പ്രകാരം 1999-2000 മുതൽ സ്കോളർഷിപ്പ് തുക ആനുപാതികമായി ഉയർത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിലവിലുള്ള സാമ്പത്തിക പരിമിതിമൂലം, ഇതിന് മുൻകാല പ്രാബല്യം നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

സൈനിക സ്കൂൾ കേഡറ്റുകൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിലേയ്ക്കായി വരുമാനപരിധി ഉയർത്തി നിശ്ചയിക്കാൻ നടപടി

142 (3019) ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈനിക സ്കൂൾ കേഡറ്റുകൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിലേയ്ക്കായി രക്ഷകർത്താക്കളുടെ വരുമാന പരിധി അഞ്ചാം ശമ്പള കമ്മീഷൻ അനുസരിച്ച് ഉയർത്തി നിശ്ചയിക്കാൻ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് ഉത്തരവ് താമസിക്കുന്നതുകൊണ്ട് സ്കോളർഷിപ്പ് ലഭിക്കാതെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും വിഷമിക്കുന്നതിനാൽ ഇത് പരിഹരിക്കാൻ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിന് മുൻപ്

LIBRARY ARCHIVES Kerala Legislative Assembly